II ഇ. ബി. XIV - കേരള നിയമസഭ/XIV- 4

# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ഫെബ്രുവരി 05, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9(*121) ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി 31 സർക്കാർ കോളേജുകൾക്ക് NAAC അക്രഡിറ്റേഷനും നാഷണൽ ലാ യൂണിവേഴ്സിറ്റിക്ക് 12 ബി പദവിയും നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധനവിനായി പുതിയ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ

കൗൺസിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഓരോ അക്കാദമിക വർഷവും ബിരുദ, ബിരുദാനന്തര ബിരുദ പഠനങ്ങൾക്കായി യഥാക്രമം 3000, 1200 സ്കോളർഷിപ്പുകൾ നൽകിവരുന്നു. എറുഡൈറ്റ് പദ്ധതി മുഖേന ദേശീയ-അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച പ്രമുഖ വ്യക്തികളുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരമൊരുക്കുന്നതോടൊപ്പം പ്രവാസികളായ പണ്ഡിതരെ പ്രസ്തുത പദ്ധതിയിൽ എത്തിക്കാനായി ബ്രെയിൻ ഗെയിൻ സമീപനം സ്വീകരിക്കുകയും തിരുവനന്തപുരം, പാളയം സർക്കാർ സംസ്കൃത കോളേജിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ മുഖാന്തിരം ഒറൈസ് പ്ലാറ്റ്ഫോമിലൂടെ ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള സർവ്വകലാശാലകൾ/ഗവേഷണ കേന്ദ്രങ്ങൾ/കോളേജുകൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രഗത്ഭരെ വിസിറ്റിംഗ് ഫാക്കൽറ്റികളാക്കി എഡ്യൂസാറ്റ് ടെലി ട്രെയിനിംഗ് പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. വിവിധ മേഖലകളിലെ വിദഗ്ധരെ പങ്കാളികളാക്കുന്നതിനുള്ള അക്കാദമിക വോളന്റിയർ ബാങ്ക്, ഒരേ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിഭവങ്ങൾ

പങ്കുവയ്ക്കുന്നതിനായി ക്ലസ്റ്റർ കോളേജ്, ഉന്നത വിജ്ഞാന കേന്ദ്രങ്ങളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനായി 'പ്രബുദ്ധത' എന്നീ പദ്ധതികളും അറിവുകളും നൈപുണ്യങ്ങളും മുൻകൂട്ടി പ്രസ്താവിക്കുന്ന ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള ഓൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വേ നടപ്പിലാക്കുന്നുണ്ടെന്നും Choice Based Credit Semester System (CBCSS)-ന് തുടർച്ചയായി ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ കരിക്കുലം പുന:സംഘടിപ്പിക്കുന്നതിനുള്ള സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണെന്നും ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്ററിന് രൂപം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ/എയ്ഡഡ് മേഖലകളിലായി യഥാക്രമം 6, 4 ആർട്സ് ആന്റ് സയൻസ് കോളേജുകളും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ 3 അപ്ലൈഡ് സയൻസ് കോളേജുകളും എം.ജി. സർവ്വകലാശാലയിൽ 38 ബിരുദ-ബിരുദാനന്തര കോഴ്സുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. റൂസ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി സർവകലാശാലകൾക്ക് 20 കോടി രൂപ വീതവും 31 സർക്കാർ കലാലയങ്ങൾക്കും 106 എയ്ഡഡ്

കോളേജുകൾക്കും 2 കോടി രൂപ വീതവും അനുവദിക്കുകയും ഗവേഷണകേന്ദ്രങ്ങളുടെ വികസനത്തിന് കിഫ്ബിയിൽപ്പെടുത്തി കൊച്ചി, കണ്ണൂർ, കോഴിക്കോട്, എം.ജി. സർവ്വകലാശാലകൾക്കായി 672 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. എയ്ഡഡ് കോളേജുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ മാനേജ്മെന്റ് വിഹിതം സർക്കാർ വഹിക്കുന്നുണ്ട്. എയ്ഡഡ് കോളേജുകളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ നിയോഗിക്കുന്ന പ്രതിനിധിയുടെ സാന്നിദ്ധ്യത്തിലാണ് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. സർക്കാർ മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ യഥാക്രമം 703, 436 അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ നടത്തുകയും എഞ്ചിനീയറിംഗ്/പോളിടെക്നിക് കോളേജുകളിൽ 497 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും സർവ്വകലാശാലകളിൽ 1913 അസിസ്റ്റന്റുമാരെയും 665 കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ പ്രാരംഭമായി ഈ വർഷം 1000 അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം മുതൽ പ്രവേശനത്തിനും

പരീക്ഷാ നടത്തിപ്പിനും റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനുമായി ഏകീകൃത കലണ്ടർ തയ്യാറാക്കണമെന്നും ഉപരിപഠനത്തിന് തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യപ്പെടരുതെന്നും സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഗവേഷണ കോഴ്സുകൾക്കുള്ള പ്രവേശനത്തിന് സംവരണാനുകൂല്യം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10(*122 & * 124) <u>സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് അന്താരാഷ്ട്ര വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വയനാടൻ കാപ്പിപ്പൊടി "മലബാർ" എന്ന ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും നവകേരള ഉന്നമനത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 25 ഇന പരിപാടികളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വയനാട് പാക്കേജിൽ സംയോജിത കുരുമുളക്

വികസനത്തിനായി 1062.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, പുനരുജ്ജീവനം, ദ്രുതവാട്ട കീടനിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം, മാതൃ തോട്ടങ്ങളുടെ സംരക്ഷണം, കുരുമുളക് സമിതി പ്രവർത്തനങ്ങളുടെ ഏകോപനം, സാങ്കേതികവിദ്യയുടെ പ്രചരണം, ഡോക്യുമെന്റേഷൻ, മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീമിന്റെ ശാക്തീകരണം, ലഘുലേഖകളും റഫറൻസ് മെറ്റീരിയലുകളും പ്രസിദ്ധീകരിക്കൽ, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകളുടെ പ്രവർത്തനം എന്നിവയ്ക്ക് ധനസഹായം നൽകുന്നുണ്ടെന്നും ഇടുക്കി പാക്കേജിൽ 402.9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കാസർഗോഡ് വികസന പാക്കേജിൽ ശിപാർശ ചെയ്ത പദ്ധതികൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. ഉത്സവകാലങ്ങളിൽ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് 14 ജില്ലകൾക്കായി 810 ലക്ഷം രൂപയും ഹോർട്ടികോർപ്പിന് 979.5 ലക്ഷം രൂപയും വി.എഫ്.പി.സി.കെ.യ്ക്ക് 120 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകളും 240 ക്ലസ്റ്റർ മാർക്കറ്റുകളും 453 ക്ലസ്റ്ററുകളും 440

ഇക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്നും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 578.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ചെറുകിട തേയില കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി പ്രത്യേക വിപണി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും സപ്ലൈകോ മുഖാന്തിരം നെല്ല് സംഭരിച്ച വകയിൽ 209.05 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവിലയും ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നുണ്ടെന്നും ഇതിനായി നടപ്പ് സാമ്പത്തിക വർഷം 298.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സമഗ്ര നാളികേര കൃഷി വികസനത്തിനായി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന "കേരഗ്രാമം" പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നുണ്ടെന്നും കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോൽപ്പന്നങ്ങളുടെ

ഉല്പാദനവും വിപണനവും നടത്തുന്നുണ്ടെന്നും നീര ഒറ്റ ബ്രാൻഡായി അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുന്നതിനുള്ള പേരും ലോഗോയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണെന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പ്രദർശന സെമിനാർ സംഘടിപ്പിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അഗ്രോ പാർക്ക് രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും 100.13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും തൂണേരി, കുന്നുമ്മൽ, പേരാമ്പ്ര ബ്ലോക്കുകളിൽപ്പെട്ട 21 പഞ്ചായത്തുകളിലെ 71441 ഹെക്ടർ കേരകൃഷി പ്രദേശത്തെ പ്രത്യേക കാർഷിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കുത്താളി, നരിപ്പറ്റ, വേളം, നാദാപുരം എന്നീ കാർഷിക കർമ്മസേനകൾക്ക് കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്തുവരുന്നുണ്ടെന്നും തെങ്ങുകളുടെ സംയോജിത കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കേരകൃഷിയുടെ വിസ്തൃതി,

നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ രൂപീകരിക്കുകയും തെങ്ങ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്നവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുകയും ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് വിത്തുതേങ്ങ സംഭരിക്കുകയും ചെയ്യുന്നുണ്ടെന്നും പ്രതിവർഷം ശരാശരി 15 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ, നാളികേര വികസന ബോർഡ്, അംഗീകൃത നഴ്സറികൾ എന്നിവ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്നും മണ്ഡരി രോഗത്തെ പ്രതിരോധിക്കുന്ന തൈകൾ ഉൽപ്പാദിപ്പിക്കാനും വിലത്തകർച്ചയുണ്ടാകുമ്പോൾ നാളികേരം സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11(*123) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ വികസന മിഷനുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിദഗ്ധരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം പരിശോധിക്കുകയും പരിഷ്കരിച്ച് പുനർ സമർപ്പിക്കുകയും ചെയ്ത 14 ജില്ലകളുടെയും പദ്ധതികൾക്ക് സംസ്ഥാന വികസന കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങളും നവകേരളം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും കണക്കിലെടുത്താണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2019-20-ലെ വാർഷിക പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചിട്ടുള്ളതെന്നും പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രളയ ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ പദ്ധതിയിൽ ആവശ്യമായ

ഭേദഗതികൾ വരുത്തുന്നതിനും മൃഗപരിപാലന മേഖലയുമായി ബന്ധപ്പെട്ട് പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നതിനും കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് അവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നൽകുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നിവയ്ക്ക് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാൻ നിഷ്കർഷിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രളയത്തിൽ ജീവനോപാധികളും ഗൃഹോപകരണങ്ങളും നഷ്ടപ്പെട്ടവർക്കായി കുടുംബശ്രീ വഴി റീസർജന്റ് കേരള ലോൺ സ്കീം മുഖേന ഒരു ലക്ഷം രൂപവരെ പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1473 മുതൽ 1865 വരെയുള്ള ചോദ്യങ്ങളിൽ 192 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)